പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1349 12/07/2011-ൽ മറുപടിക്ക്

## സംസ്ഥാനത്തെ ശുദ്ധജലാശയങ്ങളിൽ കൊഞ്ച്, കരിമീൻ എന്നിവയുടെ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| സംസ്ഥാനത്തെ ശുദ്ധജലാശയങ്ങളിൽ കൊഞ്ച്, കരിമീൻ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തുമോയെന്ന് അറിയിക്കുമോ? | സംസ്ഥാനത്തെ ശുദ്ധജലാശയങ്ങളിൽ കൊഞ്ച് / കരിമീൻ കൃഷിയുടെ വ്യാപനത്തിനായി മത്സ്യകേരളം പദ്ധതിയിലുൾപ്പെടുത്തി ആറ്റുകൊഞ്ചു കൃഷിയും കരിമീൻ വർഷം പദ്ധതിയിലൂടെ കരിമീൻ കൃഷിയും നടത്തി വരുന്നുണ്ട്. മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി നടത്തിയ ശുദ്ധജലകൃഷിയിൽ 34 ലക്ഷം ആറ്റുകൊഞ്ചു കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.<br>സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ചിട്ടുള്ള കരിമീനിന്റെ സംരക്ഷണത്തിനും ഉല്പാദന വർദ്ധനവിനുമായി രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ.) പ്രകാരം ആരംഭിച്ചിട്ടുള്ള കരിമീൻ വർഷം പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലായി 60 ബാക്ക്‌യാർഡ് ഹാച്ചറികൾ ആരംഭിച്ചു. 187 അടുക്കളക്കുളങ്ങളിലായി 16700 കരിമീൻ വിത്തും സ്റ്റോക്കിംഗ് നടത്തി. കൂടാതെ 9.4 ഹെക്ടർ ജലപ്രദേശത്ത് 37600 കരിമീൻ വിത്ത് നിക്ഷേപിച്ചു കഴിഞ്ഞു. പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി വ്യാപിപ്പിക്കുന്നതിനായി പദ്ധതികൾ അഡാക്ക് വഴി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ